- 13448 -

# ഗവ : യു.പി.എസ് പഴയങ്ങാടി




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

# സ്കൂൾ വിശദാംശങ്ങൾ

- സ്കൂളിൻറെ പേര് :ജി.യു.പി.എസ് പഴയങ്ങാടി
- മേൽവിലാസം :പഴയങ്ങാടി, പി ഒ, കൈതപ്രം, ശ്രീകണ്ടാപുരം 670631
- ഇ-മെയിൽ :gupspazhayangadi @gmail.com
- വിഭാഗം :ഗവൺമെന്റ്
- റവന്യൂ ജില്ല :കണ്ണൂർ
- വിദ്യാഭ്യാസ ജില്ല :തളിപ്പറമ്പ്
- വിദ്യാഭ്യാസ ഉപജില്ല :ഇരിക്കൂർ
- വില്ലേജ് :ശ്രീകണ്ടാപുരം
- മുൻസിപ്പാലിറ്റി : ശ്രീകണ്ഠാപുരം
- താലൂക്ക് : തളിപ്പറമ്പ്
- ജില്ല : കണ്ണൂർ

# ആമുഖം

ശ്രീകണ്ഠാപുരം നഗരസഭയുടെ കേന്ദ്രത്തിന് ഏറ്റവും അടുത്തുള്ള സർക്കാർ പ്രാഥമിക വിദ്യാലയമാണ് പഴയങ്ങാടി ഗവ യു.പി. സ്കൂൾ. അൻപത് വർഷം പൂർത്തിയാക്കിയ ഈ വിദ്യാലയം അക്കാദമിക നിലവാരത്തിലും ഭൗതിക നിലവാരത്തിലും ഇനിയും ഏറെ മുന്നേറേണ്ട സ്ഥിതിയിലാണുള്ളത്.

പഴയങ്ങാടി പ്രദേശത്തിൻ്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഈ നാട്ടിലെ മഹത്‌വ്യക്തികൾ സംഭാവന നൽകിയ സ്ഥലത്ത് 1974-ൽ ഏകാധ്യാപക വിദ്യാലയമായാണ് ഈ സ്കൂൾ ആരംഭിച്ചത്. 1977-ൽ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി. ആദ്യകാലത്ത് മുസ്ലീം വിദ്യാഭ്യാസ കലണ്ടർ പ്രകാരം പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം രക്ഷിതാക്കളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് 2003-ൽ ജനറൽ സ്കൂളാക്കി മാറ്റി.

വിദ്യാലയത്തിന്റെ ആരംഭകാലത്ത് ഈ പ്രദേശത്തെ മുഴുവൻ കുട്ടികളും പ്രാഥമിക വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത് ഈ വിദ്യാലയത്തെയാണ്. ശ്രീകണ്ഠാപുരം, കൊട്ടൂർവയൽ, കുട്ടുംമുഖം തുടങ്ങിയ പ്രദേശത്തെ വിദ്യാർത്ഥികൾ യു.പി. ക്ലാസ്സിലെ പഠനത്തിന് ഇവിടെയാണ് ചേർന്നിരുന്നത്.

2000-ൽ ആരംഭിച്ച എസ്.എസ്.എ. യുടെ പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ഈ വിദ്യാഭ്യാസത്തിൻ്റെ ഭൗതിക സാഹചര്യങ്ങളിൽ വലിയ മാറ്റം ഉണ്ടാക്കി. .ഓരോ ക്ലാസ്സിനും പ്രത്യേകം മുറികൾ, ഇരിപ്പിടങ്ങൾ, കുട്ടികൾക്കാവശ്യമായ മൂത്രപ്പുരകൾ, ശുചിമുറികൾ, ഉച്ചഭക്ഷണത്തിനുള്ള അടുക്കള, പരീക്ഷണശാല, ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്.

എങ്കിലും സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണി നാമും നേരിട്ടുതുടങ്ങിയിട്ട് കുറച്ചുവർഷങ്ങളായി. കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾക്ക് അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള താൽപ്പര്യം സമ്പദ്ഘടനയിലുണ്ടായ മാറ്റം, പട്ടണത്തിൻ്റെ സാമീപ്യം ഇവയെല്ലാം കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. അതിനാൽ അയൽവക്കത്തുള്ള എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കാനുള്ള നടപടി നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## ഗവ : യു.പി.എസ് പഴയങ്ങാടി

## മേഖല : എൽ . പി - മലയാളം

### ക്ലാസ്സ് -1

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ. 2) അമ്മ പറയട്ടെ - അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ, ഒക്ടോബർ, ജൂലൈ, ഡിസംബർ, ജനുവരി, മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ, SRG, SMC, സ്കൂൾ വികസന സമിതി, മദർ പി.ടി.എ. | SMC, മദർ പി.ടി.എ. |

### ക്ലാസ്സ് - 2

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും - ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ 2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ, നവംബർ, ഡിസംബർ | SRG, SMC, ക്ലബ്ബുകൾ, മദർ പി.ടി.എ, സ്റ്റാഫ്. | SMC, മദർ പി.ടി.എ |
| 3 | സർഗാത്മകതയെ തട്ടിയുണർത്താം | രചനാശില്പശാല - കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ, ജനുവരി | SMC, അദ്ധ്യാപകർ, ക്ലബ്ബുകൾ, പ്രമുഖ | SRG, SMC |

### ക്ലാസ്സ് -3

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | സാഹിത്യ പ്രതിഭ റിയാം | 1) കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം 2) പുസ്തക ശേഖരണവും പ്രദർശനവും 3) ചിത്ര ഗ്യാലറി | ജൂൺ, ഡിസംബർ | അദ്ധ്യാപകർ, SMC | SMC |
| 5 | വായനാ പരിപോഷണം പ്രവർത്തനം: | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം 2) വായനാക്കളരി 3) നാട്ടുവായന | നവംബർ, ജനുവരി ആദ്യ ആഴ്ചയിലാണ് | മദർ പി.ടി.എ, ക്ലബ്ബുകൾ, വായനശാല, SMC, SRG | ക്ലബ്ബ്, SMC, SRG |
| 6 | പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | അഭിമുഖം | ആഗസ്റ്റ് | ക്ലബ്ബുകൾ, സാഹിത്യ ക്ലബ്ബ് | പി. ടി. എ |

### ക്ലാസ്സ് - 4

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 8 | വായനാ ശേഷി വളർത്തൽ | ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തകപരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലികം. | വർഷം മുഴുവൻ | HM, SRG, Class Teacher, CPTA | PTA |
| 9 | എഴുത്ത് പരിപോഷിപ്പിക്കൽ (എഴുതാം തെളിയാം) | ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തകപരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലികം. | വർഷം മുഴുവൻ | HM, SRG, Class Teacher, CPTA | PTA |
| 10 | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ ആവശ്യാനുസരണം സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |
| 11 | ഓർമ്മദിനങ്ങൾ ആചരിക്കൽ (ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം, ആവശ്യാനുസരണം | വർഷം മുഴുവൻ | SRG, Class Teacher, CPTA | |
| 12 | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്, കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം, വർഷത്തിലൊന്ന് | വർഷത്തിൽ ഒന്ന് | HM, SRG, CPTA, Class Teacher | PTA |
| 13 | ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ (സർഗ്ഗോത്സവം) | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം, വർഷത്തിലൊരിക്കൽ | വർഷത്തിൽ ഒരിക്കൽ | HM, SRG, CPTA, Class Teacher | PTA |

# മേഖല : എൽ . പി - ഇംഗ്ലീഷ്

## ക്ലാസ്സ് - 1

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | SRG.ക്ലാസ്സ് ടീച്ചർ | |

## ക്ലാസ്സ് - 2

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനു ള്ള അവസരം ഒരുക്കൽ | 1. ഇംഗ്ലീഷ് ബാലസഭ<br>2. ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ ഒന്ന് | SRG. ക്ലാസ് ടീച്ചർ | |

## ക്ലാസ്സ് - 3

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | വായന ആശയം അറിഞ്ഞും ഒഴുക്കത്തോടെയും | 1. ക്ലാസ് ലൈബ്രറി വികസനം<br>2. വാർത്താ വായന മത്സരം<br>3. ബാല പ്രസിദ്ധീകരണങ്ങളുടെ വായന | വർഷം മുഴുവൻ മാസത്തിൽ ഒന്ന് മാസത്തിൽ മൂന്ന് തവണ വർഷത്തിൽ മുഴുവൻ | SRG. Class Teacher, CPTA | SMC, മദർ പി.ടി.എ |

## ക്ലാസ്സ് - 4

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും സം സാരിക്കുവാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | മാസത്തിൽ ഒരുദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ (മാസത്തിൽ ഒന്ന്) | SRG, Class Teacher | |
| 5 | ഇംഗ്ലീഷ് ഡയറി തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ബുധനാഴ്ച ദിവസങ്ങളിലെ വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ ഡയറിക്കുറിപ്പായി എഴുതുന്നു | വർഷം മുഴുവൻ ( ആഴ്ചയിൽ ഒന്ന്) | ക്ലാസ് ടീച്ചർ | |
| 6 | വായന പരിപോഷണം | ഇംഗ്ലീഷ് കോർണർ നിർമ്മിക്കൽ വായനാ വേള ഒരുക്കൽ | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | CPTA |

# മേഖല : എൽ . പി - അറബി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ നല്ല വായനക്കാ ര നാക്കൽ | തിരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി) - ചിത്രകഥകൾ, കഥാപുസ്തകങ്ങൾ, കുട്ടിക്കവിതകൾ, ചെറിയ വിവരണ പുസ്തകങ്ങൾ, അറബിക് ക്വിസ് എന്നിവ ഉൾപ്പെടുന്നു.. | 6 മാസം | അറബിക് അദ്ധ്യാപിക | SMC, മദർ പി.ടി.എ |
| 2 | അറബിക് അസംബ്ലി: ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക. | * ചെറിയ വാർത്തകളും അറബിക് കുറിപ്പുകളും അറബിയിൽ വായിക്കുക. * പുസ്തക പരിചയപ്പെടുത്തൽ, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ എന്നിവയും നടത്തുന്നു. | വർഷത്തിൽ 3 തവണ | അറബിക് അദ്ധ്യാപിക | |
| 3 | സ്കൂൾ വാർഷികം: | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ചിത്രീകരണം/മോണ ോ ആക്ട്/വാർത്ത വായന തുടങ്ങിയ ഇനങ്ങൾ അവതരിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | അറബിക് അദ്ധ്യാപിക, SRG | PTA |
| 4 | മത്സരങ്ങളുടെ ലോകം: മുഴുവൻ വിദ്യാർത്ഥികളിലെ യും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്ക ുന്നതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കുക. | ക്വിസ്, പദ നിർമ്മാണം, കഥ പറയൽ, കവിത ചൊല്ലൽ, പദപ്രശ്നം, കളറിംഗ്, മെമ്മറി ടെസ്റ്റ്, ഗദ്യ വായന, ആംഗ്യ ഗാനം, ഖുർആൻ പാരായണം, പദപ്പയറ്റ്, പസിൽസ്. | വർഷം മുഴുവൻ | അറബിക് അദ്ധ്യാപിക, SRG | SMC |
| 5 | ദിനാചരണങ്ങൾ സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളി ൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു. | നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ നിർമ്മിക്കുന്നു | വർഷം മുഴുവൻ | അറബിക് അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 7 | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ് വായനാമത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ, SRG, SMC | SMC, മദർ പി.ടി.എ |

# മേഖല : എൽ . പി - ഗണിതം

## ക്ലാസ്സ് - 1

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1.ഗണിത മാഗസിൻ 2. ജാമിതീയ രൂപങ്ങളുടെ നിർമ്മാണം 3. ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | വർഷം മുഴുവൻ സെപ്റ്റംബർ മാസം മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ, SRG, SMC | |

## ക്ലാസ്സ് -2

| | | | | | |
|---|---|---|---|---|---|
| 2 | ഗണിത ചിന്ത ശേഷി വളർത്തൽ | ഒരു ദിവസം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിതഫലകങ്ങളും പരിചയപ്പെടുത്തൽ ഗണിതം കളിയിലൂടെ പരിചയപ്പെടുത്തൽ | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ | |

## ക്ലാസ്സ് - 3

| | | | | | |
|---|---|---|---|---|---|
| 3 | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല, രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും, ഒറിഗാമി,ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ | ഒക്ടോബർ | SRG, SMC, ക്ലബ്ബുകൾ, സ്റ്റാഫ് | |
| 4 | ഗണിതം ലളിതമാക്കാം കളികളിലൂടെ | വിവിധ കളികൾ പരിചയപ്പെടുത്തുന്നു ഗണിതോത്സവം | വർഷം മുഴുവനും ജനുവരി | SRG, Class Teacher | സ്റ്റാഫ്, SMC |

## ക്ലാസ്സ് - 4

| | | | | | |
|---|---|---|---|---|---|
| 6 | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ മൂല്യനിർണയം | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ | |
| 7 | ഒറിഗാമിയിലൂടെ പഠിക്കാം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷം മുഴുവൻ (പാഠഭാഗവുമായി ബന്ധപ്പെടുത്തി) | ക്ലാസ് ടീച്ചർ പ്രവർത്തിപരിചയ അധ്യാപിക | CPTA |
| 8 | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | PTA ക്ലാസ്സ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| 9 | ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠനോൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ്സ് ടീച്ചർ | PTA |

# മേഖല : എൽ . പി – പരിസരപഠനം

## ക്ലാസ്സ് - 1

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആഹാരങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ, CPTA, SRG | |
| 2 | പ്രകൃതിയെ അറിയുന്നതും ആസ്വദിക്കുന്നതും | പുഷ്പോദ്യാനം ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | CPTA, SRG, ക്ലാസ്സ് ടീച്ചർ | SMC |

## ക്ലാസ്സ് - 2

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണം | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ, SMC, SRG | SMC |
| 4 | പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, കാണാകാഴ്ചകൾ | സെപ്റ്റംബർ, ഡിസംബർ | അധ്യാപകർ ,SRG, SMC | SMC |
| 5 | നാട് അറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് | ജനുവരി | SRG, SMC, ക്ലബ്ബുകൾ, സ്റ്റാഫ്, നാട്ടുകാർ | |

## ക്ലാസ്സ് - 3

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | ശാസ്ത്ര ബോധം വളർത്തുക | കണ്ടറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്ന കുറിപ്പ് തയ്യാറാക്കൽ | ജൂൺ, ജൂലൈ, ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| 7 | പ്രകൃതി വിഭവസംരക്ഷണം | ജൈവവൈവിധ്യ പാർക്ക്, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | SRG ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 8 | ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം, പരീക്ഷണം വീടിനകത്തും, ശാസ്ത്ര മാസികകൾ | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ | |
| | | ക്ലാസ്സ് - 4 | | | |
| 9 | പ്രകൃതി നടത്തം നിരീക്ഷണം അറിവ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM, CPTA, ക്ലാസ്സ് ടീച്ചർ | PTA |
| 10 | ശാസ്ത്ര പഠനം ലളിതവും രസകരവും | ശാസ്ത്ര മൂല , ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM, SRG, Class Teacher, CPTA | PTA |
| 11 | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ വളർത്തൽ | ശാസ്ത്ര യാത്ര സയൻസ് പാർക്ക് | ആവശ്യാനുസരണം | HM, SRG, Class Teacher, CPTA | PTA രക്ഷിതാക്കൾ |
| 12 | കേരളം ഇന്ത്യ ഭൂപടം വായന സൂചിക പരിചയപ്പെടൽ | ഭൂപടം ഒരുക്കാം ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെടുത്തി | ക്ലാസ് ടീച്ചർ | |
| 13 | ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്സ് ടീച്ചർ | PTA |
| 14 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സവം , പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG, Class Teacher, CPTA | PTA രക്ഷിതാക്കൾ |

## മേഖല : യു.പി. മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. വാക്കുകളിൽ നിന്നും | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | | വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2 | **പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക.** | വാർത്താലോകത്തേക്ക്: പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവു ം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| | | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | |
| 3 | സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | HM, CPTA, മലയാളം അധ്യാപകർ | PTA |
| 4 | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുന്നു. | വർഷം മുഴുവൻ | മലയാളം, ഐ.ടി. അധ്യാപകർ | |
| 5 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | വർഷം മുഴുവൻ | മലയാളം അധ്യാപകർ പി.ടി.എ. | PTA |

# മേഖല : യു.പി. - ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | eaning Ladder: പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Lend Your Ear: ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡുകൾ കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Missing Man: അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിൻറ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | Breaking News: ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2 | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Reader of the Month: ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | | Leaning Ladder: പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | | One Man Show: ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Meet the Foreigner: തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു: | Fun time : കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പിരീഡിലും | ഇംഗ്ലീഷ് അധ്യാപകർ | |
| | | Alert Zone: സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി ദിനാചരണങ്ങളിൽ പ്രദർശിപ്പിക്കുന്നു. പ്രതിമാസം | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Run Baby Run: ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| 4 | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു: | The Grand Fest: ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് fest നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | PTA |
| 5 | ഇംഗ്ലീഷ് ഭാഷ ശരിയായ രീതിയിൽ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുക | ഇംഗ്ലീഷ് അസംബ്ലി :കുട്ടികൾ തന്നെ നിയന്ത്രിക്കുന്ന ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല : യു.പി. -ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് class ൽ അക്ഷരമാല പ്രദർശനം. ഓൺലൈൻ അക്ഷരമാല കളികൾ. വാക്കുകൾ എഴുതിയ കാർഡുകൾ. വാക്കുകൾ നിർമ്മാണം വാക്യങ്ങളുടെ നിർമ്മാണം | JUNE to AUGUST | ഹിന്ദി അധ്യാപിക | |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം . | September to October | ഹിന്ദി അധ്യാപിക | PTA, BRC Resource Teacher |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | ഹിന്ദി അസംബ്ളി<br>ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>ക്ലാസ് ലൈബ്രറി<br>അധികവായന സാമഗ്രികൾ<br>ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം-അടിക്കുറുപ്പ്<br>ചിത്രം-കഥ പറയൽ<br>ചിത്രം-കഥ എഴുതൽ<br>കഥ ബാക്കിഎഴുതൽ<br>വായനമൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | ഹിന്ദി അധ്യാപിക | PTA |

| മേഖല : യു.പി. - സയൻസ് | | | | | |
|---|---|---|---|---|---|
| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറി തോട്ടം | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | PTA |
| | | കണ്ടറിയാനൊരു യാത്ര: വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | രക്ഷിതാക്കൾ |
| | | പരീക്ഷണക്കളരി: നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | |
| 2 | ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | എക്സ്പ്ലോ-എക്സ്പ്ലോർ: ആധുനിക ശാസ്ത്ര ലോകത്തിൻ്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | |
| | | ശാസ്ത്ര വിസ്മയ ചുമർ: ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ. | |

| | | | | | |
|---|---|---|---|---|---|
| 2 | ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മുഖാമുഖം: ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരിക്കൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | PTA |
| 3 | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര: ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | |
| 4 | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | PTA |
| 5 | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം. | ദിനാചരണങ്ങൾ | വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | |

## മേഖല : യു.പി. -ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല: കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 2 | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശിൽപശാല: ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4 | ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം: ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 5 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ.ടി. സാധ്യതകളിലൂടെ: ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ടിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 6 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം: ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG ഗണിത അധ്യാപകർ | |

# മേഖല : യു.പി. -സാമൂഹ്യശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്: സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിൻ്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | | ഓർമ്മച്ചെപ്പ്: അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | പഠിതാക്കളെ ചരിത്രാവബോധ ം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip: ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച: ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്: ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം: സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6 | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ): പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻ്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 7 | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | അറിവിൻ്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല : - കല, കായികം, പ്രവർത്തിപരിചയം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക | സ്കൂൾ പച്ചക്കറിത്തോട്ടം<br>സ്കൂൾ പൂന്തോട്ടനിർമാണം (വെർട്ടിക്കൽ ഗാർഡൻ, പോട്ടിംഗ് മിക്സ്ചർ എന്നിവ തയ്യാറാക്കുന്നു, ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നു.) | സെപ്റ്റംബർ മുതൽ | SRG, പ്രവർത്തി പരിചയം അധ്യാപിക | PTA |
| 2 | തൊഴിൽ പരിശീലനം | ഏഴാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സോപ്പ്, സോപ്പ് കവർ നിർമാണം<br>ആറാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ജാം, മിക്സ്ചർ, കാരറ്റ് ഹൽവ നിർമാണം<br>അഞ്ചാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ക്രാഫ്റ്റ് പരിശീലനം. പെൻസ്റ്റാന്റ്, കൗതുകവസ്തുക്കൾ തുടങ്ങിയവ നിർമിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | പ്രവർത്തി പരിചയം അധ്യാപിക | രക്ഷിതാക്കൾ |
| 3 | കുട്ടികളിലെ ശാസ്ത്രീയബോധം ഉണർത്താനും നിർമ്മാണ മികവ് പ്രകടിപ്പിക്കാനും | ശാസ്ത്രോത്സവം പ്രവർത്തിപരിചയമേള | വർഷത്തിൽ ഒരു പ്രാവശ്യം | പ്രവർത്തി പരിചയം അധ്യാപിക SRG PTA | PTA |
| 4 | കുട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്താൻ | ഫുട്ബോൾ പ്രാക്ടീസ് | രണ്ടാഴ്ച കൂടുമ്പോൾ ഒന്ന് | സ്റ്റാഫ് | |

| | | | | | |
|---|---|---|---|---|---|
| 4 | കട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്താൻ | കായികമേള | വർഷത്തിൽ ഒരു പ്രാവശ്യം | സ്റ്റാഫ് ,PTA | PTA |
| 5 | കട്ടികൾക്ക് അവരുടെപഠന ത്തെളിവുകളും പഠനോപകരണ ങ്ങളും മികവുകളും പ്രകടിപ്പിക്കാനു ള്ള അവസരം | പഠനോത്സവം | വർഷത്തിൽ ഒരു പ്രാവശ്യം | സ്റ്റാഫ് ,PTAപ്ര വർത്തി പരിചയം അധ്യാപിക | PTA |
| 6 | കട്ടികളിലെ കലാപരമായ കഴിവുകളെ പ്രകടിപ്പിക്കാനും പാഠഭാഗത്തുനി ന്നും നേടിയ ശേഷികൾ പ്രകടിപ്പിക്കാനു ള്ള അവസരം നൽകൽ | സർഗ്ഗവേള | എല്ലാ ആഴ്ചയിലും ഒന്ന് ക്ലാസ് തലത്തിലും മാസത്തിൽ ഒന്ന് സ്കൂൾതലത്തില്യ ം | ക്ലാസ് ടീച്ചർ, വിദ്യാരംഗം, SRG | |
| 7 | കട്ടികളിലെ കലാപരമായ കഴിവുകളെ പ്രകടിപ്പിക്കാനു ള്ള അവസരം ഒരുക്കൽ | കലോത്സവം വാർഷികാഘോഷം | വർഷത്തിൽ ഒരു പ്രാവശ്യം | SRG,PTA | |

## ഉൾച്ചേർന്ന വിദ്യാഭ്യാസം

2025 -26 അധ്യയന വർഷം ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠനം നടത്തുന്ന ഭിന്നശേഷി വിദ്യാർഥികൾക്കായി ഈ അധ്യയന ദിവസങ്ങളിൽ വ്യക്തിഗത പരിശീലനം, പഠന പിന്തുണ ക്ലാസുകൾ, രക്ഷിതാക്കളുടെ സംഗമം, ബോധവൽക്കരണ ക്ലാസ്, ഗൃഹസന്ദർശനം എന്നിവ നടപ്പിലാക്കും ഈ കുട്ടികൾക്ക് ആനുകാലിക വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ, വൾനറബിളായ കുട്ടികളുടെ ഗൃഹസന്ദർശനം, പാരന്റിങ് വിഷയങ്ങളിൽ ക്ലാസ്സ്. മാനസികാരോഗ്യം മെച്ചപ്പെടുത്താൻ വേണ്ട മത്സരങ്ങൾ, പരിപാടികൾ എന്നിവ BRC യുടെ സഹായത്തോടെ നടപ്പിലാക്കും.

## ഉപസംഹാരം

ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആധുനിക വിദ്യാഭ്യാസത്തിന്റെ തത്വം പ്രാവർത്തികമാക്കുന്നതിനുതകുന്ന വ്യത്യസ്തങ്ങളായ പദ്ധതികളാണ് ഈ മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത്. സമൂഹത്തിൻ്റെ എല്ലാ തുറകളിലുമുള്ള വിദ്യാഭ്യാസ പ്രവർത്തകരെ ചേർത്തുകൊണ്ട് കേരള സർക്കാർ വിഭാവനം ചെയ്യുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിൽ നമ്മുടെ വിദ്യാലയവും മുന്നിലുണ്ടാവുമെന്നും അതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും ഞങ്ങൾ ഉറപ്പുനൽകുന്നു

പിടിഎ പ്രസിഡണ്ട്

ഹെഡ്മാസ്റ്റർ
ജി.യു.പി.എസ് പഴയങ്ങാടി

GOVT.U.P SCHOOL PAZHAYANGADI, SREEKANDAPURAM Kannur (Dt) Pin- 670 631 Date: 2.6.25

K.P KUMARAN
PEN 254169
Headmaster
Govt.U.P School Pazhayangadi
Sreekandapuram P.O
General Education